പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ.3993

18.10.2011ൽ
മറുപടി നൽകേണ്ടിയിരുന്നത്

# റിവർ മാനേജ്മെന്റ് ഫണ്ട്

ചോദ്യം
ശ്രീ.പി.ഉബൈദുള്ള :
ശ്രീ.പി.കെ.ബഷീർ

ഉത്തരം
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പു മന്ത്രി)

| | |
|---|---|
| (എ) റിവർ മാനേജ്മെന്റ് ഫണ്ടിൽപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് ഇപ്പോൾ നടപ്പിലാക്കുന്നത് ; വിശദാംശം നൽകാമോ; | (എ) റിവർ മാനേജ്മെന്റ് ഫണ്ടിൽപ്പെടുത്തി നടപ്പിലാക്കുന്ന പ്രവർത്തികളുടെ വിശദാംശം അനുബന്ധം -1 ആയി ചേർക്കുന്നു. |
| (ബി) ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ രണ്ടു വർഷം എന്തു തുക ചെലവഴിച്ചുവെന്നും ഓരോ ജില്ലയ്ക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും വെളിപ്പെടുത്തുമോ ; | (ബി) കടവുകളിൽ നിന്നും മണൽ വിറ്റു കിട്ടുന്നതിന്റെ 50% തുകയും, അനധികൃത മണൽ പിടിച്ചെടുത്ത് നിർമ്മിതി കേന്ദ്രത്തിന് കൈമാറുമ്പോൾ ലഭിക്കുന്ന തുക, അനധികൃത മണൽ കടത്തിയ വാഹനങ്ങൾക്ക് ഈടാക്കുന്ന പിഴ തുകകൾ എന്നിവയാണ് റിവർ മാനേജ്മെൻ ഫണ്ടിൽ ഉൾപ്പെടുന്നത്. റിവർ മാനേജ്മെൻ ഫണ്ടിലേയ്ക്ക് തുക പ്രത്യേകമായി അനുവദിയ്ക്കാറില്ല. കഴിഞ്ഞ രണ്ട് വർഷം ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (സി) ഇതിൽ മലപ്പുറം ജില്ലയിൽ എന്തു തുക ലഭിച്ചുവെന്നും അവ ഏതെല്ലാം പദ്ധതികൾക്കാണ് ചെലവഴിച്ചതെന്നും വ്യക്തമാക്കുമോ ? | (സി) റിവർ മാനേജ്മെന്റ് ഫണ്ടിൽ മലപ്പുറം ജില്ലയ്ക്ക് 2009-10-ൽ 13,11,57,792/- രൂപയും 2010-11-ൽ 8,96,53,042/- രൂപയും ലഭിച്ചു. അവ ഏതെല്ലാം പദ്ധതികൾക്കാണ് ചെലവഴിച്ചത് എന്നത് സംബന്ധിച്ചുള്ള വിവരം അനുബന്ധം - 3 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ